# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3123 — 15.02.2013 ൽ - മറുപടിക്ക്

## അനർഹമായി കൈപ്പറ്റിയ ബി.പി.എൽ കാർഡ് തിരിച്ചേൽപ്പിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അനർഹമായി ബി.പി.എൽ കാർഡ് കൈപ്പറ്റിയവർ എത്രപേർ അത് തിരിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 35,673 പേർ ബി.പി.എൽ. കാർഡുകൾ തിരിച്ചു നൽകിയിട്ടുണ്ട്. |
| (ബി) അനർഹമായി ബി.പി.എൽ കാർഡ് കൈപ്പറ്റിയ എത്രപേർ അവ ഇനിയും തിരിച്ച് നൽകാനുണ്ടെന്ന് വിശദമാക്കുമോ; | (ബി) & (സി) | തദ്ദേശസ്വയം ഭരണ വകുപ്പ് തയ്യാറാക്കുന്ന ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. കാർഡ് നൽകിവരുന്നത്. റേഷൻ കാർഡിൽ സർക്കാർ ജീവനം എന്നെഴുതിയിട്ടുളള ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കി മാറ്റി നൽകിയിട്ടുണ്ട്. |
| (സി) ബി.പി.എൽ കാർഡ് കൈപ്പറ്റിയ സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖല, സഹകരണ മേഖല, എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ ഇനിയും എത്ര പേർ അവ തിരിച്ച് നൽകാനുണ്ടെന്ന് അറിയിക്കാമോ; | | |
| (ഡി) കാർഡുകൾ തിരിച്ച് നൽകാത്തവരുടെ പേരിൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | അനർഹമായി കൈവശം വച്ചിരിക്കുന്ന ബി.പി.എൽ. കാർഡുകൾ റദ്ദ് ചെയ്യാനും ഇത്തരം കാർഡുകൾ കൈവശം വയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) സമ്പന്ന വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ബി.പി.എൽ കാർഡ് നൽകിയിട്ടുണ്ടെന്നും എത്ര പേർ അവ തിരിച്ചു നൽകിയെന്നും വിശദമാക്കുമോ? | (ഇ) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ